WHNM

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ് - കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ - കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി - "3425-60-200-63- പ്ലാൻ - രണ്ടാം ഗഡുവായി 80 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

================================================================

**ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 4/2022/S&TD തീയതി, തിരുവനന്തപുരം, 25.01.2022.

================================================================

പരാമർശം:-
1. 12/07/2021 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.26/2021/ശാ.സാ.വ.
2. 08/09/2021 തീയതിയിലെ സ.ഉ(സാധാ) നമ്പർ.39/2021/S &TD
3. കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ, മെമ്പർ സെക്രട്ടറിയുടെ 15/12/2021 തീയതിയിലെ 629/C5/2021/ കെ.എസ്.സി.എസ്.ടി.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി" എന്ന പദ്ധതിയ്ക്ക് "3425-60-200-63- പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. ടി പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം, 120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

3. പ്രസ്തുത പദ്ധതിയ്ക്ക് ആദ്യ ഗഡുവായി 40 ലക്ഷം രൂപ പരാമർശം (2)-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

4. ബാക്കി പദ്ധതി തുകയായ 80 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൗൺസിൽ മെമ്പർ സെക്രട്ടറി പരാമർശം (3)-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി" എന്ന പദ്ധതിയ്ക്ക് "3425-60-200-63- പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 80 ലക്ഷം രൂപ (എൺപതു ലക്ഷം രൂപ മാത്രം) താഴെ പറയുന്ന ഫണ്ട് റിലീസിംഗ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

i) 16/04/2008-ലെ സ.ഉ(പി) 62/2018/ധന വ്യവസ്ഥയ്ക്ക് വിധേയമായി തുക ട്രഷറി PSTB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

ii) 09/12/2008-ലെ സർക്കുലർ നമ്പർ 84/2008/ധന, 30/01/2018-ലെ സർക്കുലർ നമ്പർ 08/2018/ധന എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09/01/2020-ലെ സ.ഉ(കൈ) നമ്പർ.4/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ സ.ഉ(കൈ) നമ്പർ.93/2020/ധന തീയതി 11/9/2020 പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

iv) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രൊഫ.ഡോ.കെ.പി.സുധീർ**
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ,
പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ്-ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് [PU-C4/95/2021-ധന] പ്രകാരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ